**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**2012 ജൂൺ 15, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**തിരുത്തിയ ഉത്തരം**

**09.12.2008 -ലെ നക്ഷത്രചിഹ്നമിടാത്ത 2613-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

XII-ാം കേരള നിയമസഭയുടെ IX-ാം സമ്മേളനത്തിലെ 09.12.2008-ലെ നക്ഷത്രചിഹ്നമിടാത്ത 2613-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(ശ്രദ്ധക്ഷണിക്കലും സബ്മിഷനും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

റൂളിംഗ്

## നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം

മി. സ്പീക്കർ : കഴിഞ്ഞ നിയമസഭയുടെ കാലത്ത് 08.04.2010-ൽ നിലവിൽവന്ന കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിലെ 3 (vi), (vii) എന്നീ ചട്ടങ്ങൾപ്രകാരം സഭ കൂടുമ്പോൾ ഒരു അംഗം ചോദ്യോത്തരവേളയുടെ അലംഘനീയത നിലനിർത്തണമെന്നും സഭയുടെ നടുത്തളത്തിൽ കയറാതിരിക്കണമെന്നും പ്രസ്തുത ചട്ടത്തിന്റെ 4 (vii), (x) എന്നീ ചട്ടങ്ങൾ പ്രകാരം സഭയിൽ മുദ്രാവാക്യങ്ങൾ വിളിക്കാൻ പാടില്ലായെന്നും സഭയിൽ യാതൊരു തരത്തിലുമുള്ള ബാഡ്ജുകൾ ധരിക്കുവാനോ പ്രദർശിപ്പിക്കുവാനോ പാടില്ലായെന്നും അനുശാസിക്കുന്നുണ്ട്. ഈ ചട്ടങ്ങളുടെയെല്ലാം ലംഘനമാണ് കഴിഞ്ഞ നാല് ദിവസമായി സഭയിൽ നടക്കുന്നതെന്ന് ഖേദത്തോടെ ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മിപ്പിക്കുന്നു.

13-ാം കേരള നിയമസഭയുടെ കാലയളവിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 7 ബില്ലുകൾ ചർച്ചകൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും 7 ബില്ലുകൾ ചർച്ചകൂടാതെ പരിഗണനയ്ക്കെടുക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരംകൂടി ഖേദപൂർവ്വം ഓർമ്മിപ്പിക്കുന്നു.

സഭ രാവിലെ 8.38-ന് പിരിഞ്ഞു.